# ഈ പൂവുകൾ വാടുകയില്ല



ഇന്നലെച്ചിറകടി –
        ച്ചാഞ്ഞു ഞാൻ പറക്കുമ്പോൾ
ഇന്നിലത്തൊരു മുഗ്ദ്ധ –
        സ്വപ്നമായ് വിടർന്ന നീ

കണ്ണുനീരിനാലീറ –
        നായൊരീ മണ്ണിൽ, പോയ –
ശപ്തമാം കാലത്തിൻെറ
        യീശ്ശ്വവപ്പറമ്പികൽ

മാടമ്പിമാരൂതുന്നൊ –
        രീവിഷക്കാറ്റിൽ, നീല –
മേലങ്കി ചാർത്തും സർപ്പ –
        കന്യ തന്നടിവയ്പിൽ

വാടി വീഴുമ്പോൾ, മര –
        ക്കൊമ്പിലീ മരവിച്ച
പാതിരാവികൽ വീണ്ടും
        മൂങ്ങ മൂളുന്നു നീട്ടി.

വേലികൾ കെട്ടി നിങ്ങൾ
        ഗോപുരം കാവൽക്കാരേ!
തോക്കുകൾ ചൂണ്ടി നിങ്ങൾ
        സ്വർഗ്ഗ വാതിലും പൂട്ടി.
മോക്ഷദായകൻമാരേ!
        ദൈവത്തെപ്പോലും വെള്ളി –
ക്കാശിനു വിറ്റു നിങ്ങൾ –
        അറിയാം ഞങ്ങൾക്കൊക്കെ.

പോയ നൂറ്റാണ്ടിൻ ഭാര–
 മൊക്കെയും ചുമന്നിട്ടും
കൂനിയില്ലിതു വരെ
 യീനല്ല നട്ടെല്ലുകൾ.

പാതിര മരവിച്ചു
 നില്ക്കുകില്ലെന്നും, നാളെ
പ്പൂവുകൾ ചൂടും മണ്ണിൻ
 പൊൻ കിനാവുകൾ വീണ്ടും. ■